**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5808** **08-11-2021 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ ഖനിജശേഖരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഖനിജ പര്യവേക്ഷണ വിഭാഗം എറണാകുളം ജില്ലയിലെ ഖനിജങ്ങളുടെ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലയിൽ എന്തൊക്കെ ഖനിജങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും ഓരോ ഖനിജശേഖരത്തിന്റെയും അളവുകളും ഗുണമേന്മയും എന്താണെന്നും അറിയിക്കാമോ; | (എ) | എറണാകുളം ജില്ലയിലെ നാഗപ്പുഴ, വടകോട്, എന്നീ സ്ഥലങ്ങളിൽ 1980-81 ൽ നടത്തിയ പര്യവേഷണത്തിൽ ഉദ്ദേശം 40000മെട്രിക് ടൺ ഗുണമേന്മയുള്ള (85% recoverable) ഗ്രാഫൈറ്റ് നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഖനനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങളാണ് ജില്ലയിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്നറിയിക്കാമോ; | (ബി) | 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ -നു ക്വാറിയിംഗ് ലീസും ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഓർഡിനറി എർത്ത് എന്നിവയ്ക്ക് ക്വാറിയിങ് പെർമിറ്റും അനുവദിക്കുന്നതും ആയത് ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് നടത്തുന്നതെന്നും ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഇമ്പോർട്ടെഡ് സാൻഡ്, ബ്രിക് ക്ലേ എന്നിവ സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചുപോരുന്നു. കെട്ടിട നിർമ്മാണ ത്തിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും നിർദ്ദേശ പ്രകാരം പരിശോധന നടത്തി ധാതുക്കൽ നീക്കം ചെയ്യുന്നതിനും അനുമതി നൽകുന്നു. |
| (സി) | ഖനനത്തിനായി ഏതെങ്കിലും സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഓർഡിനറി എർത്ത് എന്നിവ ഖനനം നടത്തുന്നതിന് സ്വകാര്യ വ്യക്തികൾക്കും സ്വകാര്യ കമ്പനികൾക്കുമാണ് അനുമതികൾ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ